ശ്രീ. എം. എം. മത്തായി : ഇങ്ങനെ ചെയ്യാത്ത എസ്റ്റേറ്റുകൾ എത്ര ഉണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്ലാന്റേഷൻ ലേബർ ആക്ടിൽ ഈ വ്യവസ്ഥയുണ്ട്. അതു നടപ്പിലാകുമ്പോൾ എല്ലാ എസ്റ്റേറ്റുകളിലും ഇതു നടപ്പിൽ വരും.

ശ്രീ. എം. എം. മത്തായി : ഗവണ്മെന്റ് നിശ്ചയിക്കുന്ന ഡാക്ടറന്മാരാണോ തോട്ടങ്ങളിലെ ഡാക്ടറന്മാരാണോ പരിശോധിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തോട്ടങ്ങളിലെ ഡാക്ടറന്മാരാണ്.

ശ്രീ. എം. എം. മത്തായി : പല തോട്ടങ്ങളിലും ഡാക്ടറന്മാർ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയുള്ള ന്യൂനതകൾ പരിഹരിക്കാനുള്ളതാണ് പ്ലാന്റേഷൻ ലേബർ ആക്ട്.

ശ്രീ. കെ. കരുണാകരൻ : പ്ലാന്റേഷൻ ലേബർ ആക്ട് എത്ര കാലത്തിനകം നടപ്പിലാകുമെന്ന് വിചാരിക്കുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ റൂൾസ് ഫൈനലൈസ് ചെയ്യാൻ പത്തു പതിനഞ്ചു ദിവസത്തിനു മുമ്പ് ഒരു കാൺഫറൻസ് കൂടി. ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. അതുകൂടി തീർന്നാൽ നടപ്പിലാകും.

ശ്രീ. പി. ആർ. മാധവൻപിള്ള : ആ കമ്മിറ്റിയിൽ തൊഴിലാളികൾക്ക് പ്രാതിനിധ്യം ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു കമ്മിറ്റിയല്ല. ഒരു ആലോചനയ്ക്കു വിളിച്ചതാണ്.

മരച്ചീനി വ്യവസായം.

* 481. [13] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മരച്ചീനി വിലയിടിവുമൂലം ഉണ്ടായിട്ടുള്ള ദുരിതാശ്വാസങ്ങൾക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) മരച്ചീനിയുടെ വ്യവസായസാദ്ധ്യതകളെപ്പറ്റി ഗവേഷണം നടത്തുവാൻ ഏതെങ്കിലും സ്ഥാപനം ഉണ്ടോ ;

(സി) മരച്ചീനി ഉൽപ്പന്നങ്ങൾ സ്വതന്ത്രമായി തിരുവിതാംകൂർ–കൊച്ചിക്ക് വെളിയിൽ വിൽക്കുന്നതിനു് ഇപ്പോൾ വല്ല നിയന്ത്രണവും ഉണ്ടോ ;

(ഡി) മരച്ചീനി സഹകരണസംഘങ്ങൾ എത്രയെണ്ണം ജൂൺ 15–ന മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) കണ്ടാമരച്ചീനി സ്റ്റാർച്ചുഫാക്ടറി 1953–54–ൽ എത്ര ടൺ മരച്ചീനിമാവ് ഉൽപ്പാദിപ്പിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അതു എവിടെയാണ് വിറ്റഴിച്ചിട്ടുള്ളതു;

(ജി) ജൂൺ 15-ാംതീയതിക്കകം കൃഷിക്കാരിൽനിന്നും എത്ര ടൺ മരച്ചീനി വിലയ്ക്കു വാങ്ങിയിട്ടുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും വ്യവസായ സാദ്ധ്യതകളെപ്പറ്റി ആരായുന്നതിനും, ഈ നാട്ടിലും വിദേശങ്ങളിലും വിപണനികൾ കണ്ടുപിടിക്കുന്നതിനുംമറ്റും ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി 'മരച്ചീനി വിപണി വികസനബോർഡ്' എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. കൂടാതെ ഒരു അടിയന്തിരാശ്വാസ നടപടി എന്നനിലയിൽ 20,000 ടൺ ഉണങ്ങിയ മരച്ചീനി വിലയ്ക്കെടുക്കുവാൻ തീരുമാനിച്ചു. അതിനായി സത്വരനടപടികളും സ്വീകരിക്കയുംചെയ്തു.

(ബി) മരച്ചീനിയുടെ വ്യവസായ സാദ്ധ്യതകളെപ്പറ്റി ഗവേഷണം നടത്താൻ തിരുവിതാംകൂർ–കൊച്ചിയിൽ പ്രത്യേക സ്ഥാപനമില്ല. എന്നാൽ കേന്ദ്രഗവണ്മെൻറ് വകയായി മൈസൂറിലുള്ള ഫുഡ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മരച്ചീനിയെപ്പറ്റി വേണ്ട ഗവേഷണങ്ങളും നടത്തുന്നുണ്ട്. അതിൻെറ ഫലമായി മരച്ചീനിയിൽനിന്നു കൃത്രിമഅരി, ചവ്വരി മുതലായവ ശാസ്ത്രീയമായ രീതിയിൽ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) മരച്ചീനി ഉൽപ്പന്നങ്ങളും സംസ്ഥാനത്തിനു വെളിയിൽ വിൽക്കുന്നതിനു് ഇപ്പോഴും യാതൊരു നിയന്ത്രണവുമില്ല.

(ഡി) ജൂൺ 15–ാംതീയതിവരെ 130 മരച്ചീനി സഹകരണ സംഘങ്ങളും രജിസ്റ്റർചെയ്തു.

(ഇ) 1953–54–ൽ കണ്ടാ ലക്ഷ്മി സ്റ്റാർച്ചുഫാക്ടറി 2100 ടൺ മരച്ചീനിമാവു് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(എഫ്) വിറ്റഴിച്ചതു് പ്രധാനമായി ബാംബെയിലാണ്.

(ജി) ജൂൺമാസത്തിൽ മരച്ചീനി വിലക്കെടുത്തിട്ടില്ല. ജൂലൈ മുതലാണ് വിലയ്ക്കെടുത്തുതുടങ്ങിയതു്.

ശ്രീ. എം. എം. മത്തായി: മരച്ചീനി സഹകരണസംഘങ്ങളുടെ ഭാവിപ്രവർത്തനത്തെപ്പറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി കഴിഞ്ഞദിവസം സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്.

SHRI P. S. NATARAJA PILLAI: May I know whether Government have any proposal to buy tapioca flour which can be stocked for a longer period?

SHRI A. J. JOHN: At present Government have no such idea.

ശ്രീ. പി. ആർ. മാധവൻപിള്ള: തിരുവല്ലായിൽ തുടങ്ങാൻ പോകുന്ന സ്റ്റാർച്ചുഫാക്ടറിയുടെ ആവശ്യത്തിനു് എത്ര ടൺ കപ്പ വേണ്ടിവരുമെന്നു് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഫാക്ടറി തുടങ്ങിയിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ സ്റ്റാർച്ചുഫാക്റ്ററിയിൽ ഗവണ്മെൻറ് ഷെയറെടുക്കാൻ പോകുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി അവസാന തീരുമാനമായിട്ടില്ല.

ലോക്കൽ ഡവലപ്പുമെൻറ് സ്കീം.

* 482. [14] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഡവലപ്പുമെൻറ് സ്കീമിനു് അനുവദിച്ചിട്ടുള്ള തുക ഓരോ സബ്ഡിവിഷനും വീതിച്ചു് അലോട്ടുചെയ്തു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സബ്ഡിവിഷനും എത്ര വീതം;

(സി) ഈ സ്കീമനുസരിച്ചു കഴിഞ്ഞ കൊല്ലം ഓരോ സബ്ഡിവിഷനും ചെലവാക്കിയ തുക എത്ര?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. ടി. തോമസ്): (എ) 1955-56-ലേക്കുള്ളതായ 30,80,000 രൂപ ഓരോ സബ്ഡിവിഷനും വീതിച്ചു് അലോട്ടുചെയ്തുകൊടുത്തിട്ടുണ്ടു്.

(ബി)

1.	തൃശ്ശൂർ	സബ്ഡിവിഷൻ	രൂപ	3,70,000
2.	ആലുവാ	,,	,,	4,00,000
3.	മൂവാറ്റുപുഴ	,,	,,	4,00,000
4.	കോട്ടയം	,,	,,	3,70,000
5.	തലശ്ശേരി	,,	,,	3,85,000
6.	തിരുവനന്തപുരം	,,	,,	3,85,000
7.	കായംകുളം	,,	,,	3,85,000
8.	അട്ടർ	,,	,,	3,85,000
				30,80,000

(സി)

			രൂ.	ണ.	പൈ.
1.	തൃശ്ശൂർ	സബ്ഡിവിഷൻ	4711	0	0
2.	ആലുവാ	,,	13050	8	7
3.	മൂവാറ്റുപുഴ	,,	25589	3	4
4.	കോട്ടയം	,,	13542	10	0
5.	തലശ്ശേരി	,,	12620	12	0
6.	തിരുവനന്തപുരം	,,	15754	13	0
7.	കായംകുളം	,,	7833	9	0
8.	അട്ടർ	,,	22099	8	0
		ആകെ	1,15,201	15	11

LIBRARY ARCHIVES Kerala Legislative Assembly